# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 4921 — 24.07.2015 ൽ മറുപടിയ്ക്ക്

### ജലസേചനവകുപ്പിലും വാട്ടർ അതോറിറ്റിയിലും അധികാരവികേന്ദ്രീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.എസ്.ശബരീനാഥൻ<br>,, കെ.ശിവദാസൻ നായർ<br>,, വി.റ്റി.ബൽറാം<br>,, ഹൈബി ഈഡൻ | ശ്രീ.പി. ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ മന്ത്രി) |
| എ) ജലസേചന വകുപ്പിലും വാട്ടർ അതോറിറ്റിയിലും അധികാരവികേന്ദ്രീകരണത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; | എ) ജലസേചന വകുപ്പിൽ അധികാര വികേന്ദ്രീകരണത്തിന് തുടക്കം കുറിച്ചിട്ടുണ്ട്. കൂടാതെ കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ 14.09.99-ലെ നടപടിക്രമം നം.KWA/HO/WN/33/97 പ്രകാരം ഉദ്യോഗസ്ഥരുടെ അധികാരം സംബന്ധിച്ചുള്ള നടപടികൾക്ക് വാട്ടർ അതോറിറ്റിയിലും ഉത്തരവായിട്ടുണ്ട്. |
| ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; | ബി) ജലസേചന വകുപ്പിൽ ഓരോ തലത്തിലുള്ള ഉദ്യോഗസ്ഥർക്കും ടെക്നിക്കൽ സാങ്ഷനും അഡ്മിനിസ്ട്രേറ്റീവ് സാങ്ഷനും പ്രത്യേക അധികാര പരിധി നിശ്ചയിച്ചിട്ടുണ്ട്. ഇതു മൂലം വർക്കുകൾ എസ്റ്റിമേറ്റിന് ആനുപാതികമായി പലതലത്തിലുള്ള ഉദ്യോഗസ്ഥരുടെ അനുമതിക്കായി |

നൽകുന്നതുകൊണ്ട് അവയ്ക്ക് വേഗത്തിൽ അനുമതി നൽകുന്നതിനും സമയബന്ധിതമായി തീർപ്പാക്കുന്നതിനും സാധിക്കും. അതുപോലെ വാട്ടർ അതോറിറ്റിയുടെ നടപടിക്രമങ്ങൾ വേഗത്തിലാക്കുന്നതിനും, സേവനങ്ങൾ കൃത്യമായി ജനങ്ങളിലേയ്ക്കെത്തിക്കുന്നതിനും ഇത് സഹായിക്കും.

സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

സി) ഇതിനായി ജലസേചന വകുപ്പിലെ ഉദ്യോഗസ്ഥർക്ക് അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ, ടെക്നിക്കൽ സാങ്ഷൻ തുടങ്ങിയവയിൽ അധികാര പരിധി നിശ്ചയിച്ച് നൽകിയിട്ടുണ്ട്. ആയതിന്റെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. അതുപോലെ കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ 14.09.99 ലെ നടപടിക്രമം നം.KWA/HO/WN/33/97 പ്രകാരം അധികാര വികേന്ദ്രീകരണത്തെക്കുറിച്ചുള്ള വിശദമായ ഉത്തരവിറക്കുകയും ആയതിൻ പ്രകാരം നടപടിക്രമങ്ങൾ പാലിച്ചുവരികയും ചെയ്തുവരുന്നു.

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

| Sl. No. | Designation | Administrative Sanction (Original Works) (Rs) | Technical Sanction (Rs) | Sanction to T & P Estimate (Rs) |
|---|---|---|---|---|
| 1 | Chief Engineer (Irrigation) | 100 lakhs | unlimited | unlimited |
| 2 | Superintending Engineer ,, | 8 lakhs | 45 lakhs | 4 lakhs |
| 3 | Executive Engineer ,, | 5 lakhs | 15 lakhs | 2 lakhs |
| 4 | Assistant Executive Engineer ,, | 75000 | 3 lakhs | 75000 |
| 5 | Assistant Engineer ,, | 15000 | 20000 | nil |

സെക്ഷൻ ഓഫീസർ